പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3104 03.04.2013 -ലെ മറുപടിക്ക്

**ബഹുനില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ**

ചോദ്യം

ശ്രീ.പി.എ.മാധവൻ
,, അൻവർ സാദത്ത്
,, വി.റ്റി.ബൽറാം
,, ആർ.സെൽവരാജ്

ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നഗരങ്ങളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ഉത്തരവിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) കെട്ടിടങ്ങളുടെ പരസ്യങ്ങളിൽ, കെട്ടിടവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തുക വഴി ടി നിർമ്മാണത്തെക്കുറിച്ച് കൂടുതൽ ധാരണ ഉണ്ടാക്കുന്നതിനും, സുതാര്യത കൂട്ടുന്നതിനും ഉപകരിക്കുമെന്നതിനാലാണ് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20ൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഹൈറൈസ് കെട്ടിടങ്ങളുടെ സുരക്ഷാ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം **XVIII**ൽ പ്രതിപാദിക്കുന്നുണ്ട്. നിർമ്മാണം നടക്കുന്ന കാലയളവുമുഴുവൻ സൈറ്റിന്റെ പ്രവേശന ഭാഗത്തിനടുത്ത് നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കണമെന്നവ്യവസ്ഥയും ചട്ടം 120-ബി (1)-ൽ പ്രതിപാദിക്കുന്നു. ഇവയും നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലുള്ള സുതാര്യത കൂട്ടുന്നതിന് സഹായകരമാകും. അംഗീകരിച്ച പ്ലാൻ/ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണോ നിർമ്മാണം നടക്കുന്നത് എന്ന് ജനങ്ങൾക്ക് അറിയുന്നതിനും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഈ വ്യവസ്ഥകൾ ഉപകരിക്കും. |

| | |
|---|---|
| (സി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നുറപ്പു വരുത്തുവാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളത്; വിശദാംശങ്ങൾ നൽകുമോ? | (സി) കേരളത്തിലെ കോർപ്പറേഷൻ - മുനിസിപ്പൽ പ്രദേശങ്ങളിൽ വൻതോതിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുമ്പോൾ അവയെക്കുറിച്ചുളള വിശദ വിവരങ്ങൾ ലഭിക്കാത്തതു കാരണം നിയമാനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങളാണോ നടത്തുന്നതെന്ന് പൊതുജനങ്ങൾക്ക് അറിയുവാൻ കഴിയാതെവരുന്നു. ഇക്കാര്യം പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണം നടത്തുമ്പോൾ ഉടമസ്ഥൻ/ ഡെവലപ്പർ ചെയ്തിരിക്കേണ്ടതും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികൾ പരിശോധിച്ച് നടപ്പിൽ വരുത്തേണ്ടതുമായ നിർദ്ദേശങ്ങൾ ഉൾക്കൊളളിച്ചുകൊണ്ട് 25/07/2012-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതും നിർദ്ദേശം പാലിക്കാതെ നിർമ്മാണങ്ങളോ/ഭൂവികസനങ്ങളോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത നിർമ്മാണം / ഭൂവികസനം ഉടനടി നിർത്തി വയ്ക്കുവാൻ നോട്ടീസ് നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ